ജെ.ഡി.യു അവസരവാദികളെന്ന് തെളിയിച്ചു: എം.എം. ഹസൻ

തൃശ്ശൂർ: എൽ.ഡി.എഫ് പ്രവേശനത്തിലൂടെ തങ്ങളുടേത് സോഷ്യലിസ്റ്റ് പാർട്ടിയല്ല ഓപ്പർച്യൂണിസ്റ്റ് (അവസരവാദ) പാർട്ടിയാണെന്ന് ജെ.ഡി.യു തെളിയിച്ചതായി കെ.പി.സി.സി പ്രസിഡന്റ് എം.എം ഹസൻ പറഞ്ഞു. ജെ.ഡി.യു പോകുന്നതുകൊണ്ട് ഒരു നഷ്ടവും യു.ഡി.എഫിന് സംഭവിക്കില്ല. തോളത്ത് അലങ്കാരത്തിനായി ഇട്ട മേൽമുണ്ട് താഴെ വീഴുമ്പോഴുള്ള അസ്വസ്ഥത മാത്രമേ യു.ഡി.എഫിനുള്ളൂ. രാഷ്ട്രീയ സദാചാരത്തിന് യോജിക്കാത്ത നടപടിയാണ് ജെ.ഡി.യുവിന്റേത്. എൽ.ഡി.എഫിൽ കിട്ടാത്ത മാന്യതയും അംഗീകാരവും യു.ഡി.എഫ് നൽകിയെന്നാണ് നേരത്തെ ജെ.ഡി.യു പറഞ്ഞത്.

ജിഷ്ണുവിന്റെ മരണം: അന്വേഷണം സി.ബി.ഐ ഏറ്റെടുത്തു

കൊച്ചി : എൻജിനിയറിംഗ് വിദ്യാർത്ഥി ജിഷ്ണു പ്രണോയിയുടെ ദുരൂഹ മരണത്തെക്കുറിച്ചുള്ള അന്വേഷണം സി.ബി.ഐ ഏറ്റെടുത്തു. കേസിൽ സി.ബി.ഐ തയ്യാറാക്കിയ എഫ്.ഐ.ആർ ഇന്നലെ എറണാകുളം ചീഫ് ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ സമർപ്പിച്ചു. കേസിൽ ആരെയും പ്രതിചേർത്തിട്ടില്ല. ക്രൈംബ്രാഞ്ച് അന്വേഷിച്ചുവന്ന കേസ് സുപ്രീം കോടതി ഉത്തരവിനെ തുടർന്നാണ് സി.ബി.ഐ ഏറ്റെടുത്തത്. കേരള പൊലീസ് കണ്ടെത്തിയ പ്രതികൾക്കെതിരെ തെളിവുണ്ടോയെന്നു പരിശോധിച്ച ശേഷമേ തുടർ നടപടികൾ സ്വീകരിക്കൂ.

കേന്ദ്ര ജി.എസ്.ടിക്ക് തിങ്കളാഴ്ച മുതൽ പ്രത്യേക കമ്മിഷണറേറ്റ്

കൊച്ചി: അടുത്ത തിങ്കളാഴ്ച മുതൽ സെൻട്രൽ കസ്റ്റംസും ജി.എസ്.ടിയും രണ്ട് വിഭാഗമായി മാറുമെന്ന് കസ്റ്റംസ് (പ്രിവന്റീവ്) കൊച്ചി കമ്മിഷണർ സുമിത് കുമാർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

സംസ്ഥാനത്തെ മുഴുവൻ കയറ്റുമതി - ഇറക്കുമതി കാര്യങ്ങളും കൊച്ചിയിലെ കസ്റ്റംസ് കമ്മിഷണറാണ് കൈകാര്യം ചെയ്യുക. പുറമെ കേന്ദ്രഭരണപ്രദേശമായ ലക്ഷദ്വീപ്, പുതുച്ചേരി സംസ്ഥാനത്തിന്റെ ഭാഗമായ മാഹി, പ്രത്യേക സാമ്പത്തിക മേഖലയിലെ സ്ഥാപനങ്ങൾ എന്നിവയും അധികാര പരിധിയിൽ വരും. ജി.എസ്.ടിക്ക് പ്രത്യേക കമ്മിഷണറേറ്റും നിലവിൽ വരും.

കൊച്ചി കസ്റ്റംസ് കമ്മിഷണറേറ്റ് (പ്രിവന്റീവ്) 2017 സെപ്തംബർ 1 മുതൽ ഡിസംബർ 31 വരെ 1.19 കോടി രൂപയുടെ തട്ടിപ്പ് കണ്ടെത്തിയതായി അദ്ദേഹം പറഞ്ഞു.

15ന് നിയന്ത്രിത അവധി

തിരുവനന്തപുരം: തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട്, കൊല്ലം ജില്ലകളിലെ കെ.എസ്.ഇ.ബി. ഓഫീസുകളിൽജോലി ചെയ്യുന്ന തമിഴ് ഭാഷാ ന്യൂനപക്ഷ ജീവനക്കാർക്ക് ജനു. 15 ന് നിയന്ത്രിതാവധിയായിരിക്കും. പൊങ്കൽ പ്രമാണിച്ചാണിത്.

വിവാഹമോചനം തേടി പ്രതിഭാഹരി എം.എൽ.എ

ആലപ്പുഴ: കായംകുളം എം.എൽ.എ അഡ്വ. യു. പ്രതിഭാഹരി വിവാഹമോചനം തേടി കുടുംബകോടതിയെ സമീപിച്ചു. പത്തു വർഷമായി ഭർത്താവുമായി അകന്നു കഴിയുകയാണെന്നും കുട്ടിയെ ഭർത്താവ് അന്വേഷിക്കുന്നില്ലെന്നും പ്രതിഭ നൽകിയ ഹർജിയിൽ കുറ്റപെടുത്തുന്നു. ഇരുവരെയും ഒന്നിപ്പിക്കാൻ ഇന്നലെ കോടതി നടത്തിയ കൗൺസലിംഗ് പരാജയപെട്ടു. കെ.എസ്.ഇ.ബി ജീവനക്കാരനായ ഭർത്താവ് ഹരി ഒന്നിച്ചു ജീവിക്കാനെന്ന നിലപാടിലാണ്. അടുത്തമാസം വീണ്ടും കൗൺസലിംഗ് നടത്തും.

ബൽറാമിന്റെ നാവ് പിഴുതെടുക്കും: എം. ചന്ദ്രൻ

പാലക്കാട്: സി.പി.എം നേതാക്കളെക്കുറിച്ച് മിണ്ടിയാൽ വി.ടി. ബൽറാം എം.എൽ.എ യുടെ നാവ് പിഴുതെടുക്കുമെന്ന് സി.പി.എം സംസ്ഥാന കമ്മിറ്റിയംഗം എം. ചന്ദ്രൻ. എ.കെ. ജിക്കെതിരെ നടത്തിയ വിവാദ പരാമർശം പിൻവലിക്കണമെന്നാവശ്യപ്പെട്ട് തൃത്താലയിലെ എം.എൽ.എ ഓഫീസിലേക്ക് നടത്തിയ മാർച്ചിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇപ്പോഴും സി.പി.എം ജനാധിപത്യ രീതിയിലാണ് പ്രതിഷേധിക്കുന്നത്. അതുകൊണ്ടാണ് ബൽറാമിന് സമാധാനമായി വീട്ടിൽ കിടന്നുറങ്ങാനാകുന്നത്. അത് മാറ്റിചിന്തിക്കാൻ ഇടവരുത്തരുതെന്നും പറഞ്ഞു.

തോമസ് ചാണ്ടിക്കെതിരായ ഹർജികൾ വിധി പറയാൻ മാറ്റി

കൊച്ചി: മാർത്താണ്ഡം കായൽ കൈയേറ്റവുമായിബന്ധപ്പെട്ട് മുൻ മന്ത്രി തോമസ് ചാണ്ടി ഡയറക്ടറായ വാട്ടർവേൾഡ്ടൂറിസം പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്കെതിരെ നടപടി ആവശ്യപ്പെട്ടുള്ള ഹർജികൾ ഹൈക്കോടതി വിധി പറയാൻ മാറ്റി. കൈനകരി പഞ്ചായത്ത് അംഗം ബി.കെ. വിനോദ്, അഖിലേന്ത്യ കിസാൻസഭ തൃശ്ശൂർ ജില്ലാ കമ്മിറ്റി അംഗം ടി.എൻ. മുകുന്ദൻ എന്നിവരാണ് ഹർജി നൽകിയത്. ഭൂമി കൈയേറ്റത്തെക്കുറിച്ച് തഹസിൽദാരുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും ഇതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ കളക്ടർ തയ്യാറാക്കിയ റിപ്പോർട്ട് പുറത്തുവന്നിട്ടില്ലെന്നും മുകുന്ദന്റെ അഭിഭാഷകൻ വ്യക്തമാക്കി. മന്ത്രിയായിരുന്ന തോമസ് ചാണ്ടിയുടെ സ്വാധീനം നിമിത്തം പൊലീസും റവന്യൂവകുപ്പും നടപടി എടുക്കുന്നില്ലെന്ന് ബി.കെ. വിനോദിന്റെ ഹർജിയിൽ ആരോപിക്കുന്നു.

പ്രണയം നടിച്ച് ലൈംഗിക അടിമയാക്കൽ

അന്വേഷണം ബംഗളൂരുവിലേക്ക്

മുഖ്യപ്രതിക്കായി ലുക്കൗട്ട് നോട്ടീസ് ഇറക്കും

ആലുവ: ഗുജറാത്തിൽ മാതാപിതാക്കൾക്കൊപ്പം കഴിയുന്ന പത്തനംതിട്ടസ്വദേശിനിയെബോധപൂർവം മതംമാറ്റി ലൈംഗിക അടിമയാക്കാൻ ശ്രമിച്ച കേസിന്റെ അന്വേഷണം ബംഗളൂരുവിലേക്ക്. ആലുവ സബ്ജയിലിൽ റിമാൻഡിൽ കഴിയുന്ന പെരുവാരം മന്ദിയേടത്ത് വീട്ടിൽ ഫയാസ് ജമാൽ (23), മഞ്ഞാലി തലക്കാട്ട് വീട്ടിൽ സിയാദ് (48) എന്നിവരെ കസ്റ്റഡിയിൽ വാങ്ങുന്നതിനുള്ള അപേക്ഷ തിങ്കളാഴ്ച അന്വേഷണസംഘം കോടതിക്ക് സമർപ്പിക്കും. തുടർന്ന് പ്രതികളുമായി ബംഗളൂരുവിലേക്ക് പോകാനാണ് ഡിവൈ.എസ്.പി കെ.ബി. പ്രഫുലചന്ദ്രന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം ഉദ്ദേശിക്കുന്നത്.

നിർബന്ധിത മതം മാറ്റത്തിൽ പങ്കുണ്ടെന്ന് കരുതുന്ന പത്തുപേരിൽ ഏഴും ഇപ്പോൾ ബംഗളൂരുവിലുണ്ടെന്നാണ് സൂചന. നാല് പേർ ബംഗളൂരുവിൽ മുഖ്യപ്രതിയുടെ കോളേജിലെ സഹപാഠികളും കണ്ണൂർ സ്വദേശികളുമാണ്. മറ്റ് മൂന്ന് പേർ ഇവിടത്തെ മതപരിവർത്തന കേന്ദ്രവുമായി ബന്ധപ്പെട്ടവരാണ്. കേസ് സംബന്ധമായിവാർത്തകൾപുറത്തുവന്നതോടെ ചിലർ ബംഗളൂരു വിട്ടതായും സൂചനയുണ്ട്.

പെൺകുട്ടിക്കുംമുഖ്യപ്രതിമാഹി സ്വദേശി മുഹമ്മദ് റിയാസിനും താമസിക്കുന്നതിന് മാഞ്ഞാലിയിൽ സൗകര്യമൊരുക്കിയത് റിമാൻഡിൽ കഴിയുന്നവരാണ്. ബംഗളൂരുവിലെ മതപരിവർത്തന കേന്ദ്രത്തക്കുറിച്ച് പൊലീസിന് സൂചന ലഭിച്ചിട്ടുണ്ട്. മുഹമ്മദ്റിയാസ്സൗദിയിലാണെന്ന് വ്യക്തമായതിനാൽ ലുക്കൗട്ട് നോട്ടീസ് പുറപ്പെടുവിക്കുന്നതിന് നടപടിയാരംഭിച്ചു. ഇയാളുടെ പാസ്പോർട്ട് നമ്പർ കണ്ടെത്തുന്നതിനുള്ള ശ്രമത്തിലാണ് പൊലീസ്. എല്ലാ വിമാനത്താവളങ്ങളിലും പ്രതിയുടെ ചിത്രം പതിക്കും.

പ്രതികൾക്കെതിരെ 33 പേജുള്ള മൊഴിയാണ് പെൺകുട്ടി പൊലീസിന് നൽകിയത്. സംഘത്തിന്റെ ഓരോ നീക്കവും മൊഴിയിൽ യുവതി അക്കമിട്ട് നിരത്തിയിട്ടുണ്ട്. റൂറൽഎസ്.പിഎ.വി. ജോർജിന് തപാലിൽ ലഭിച്ച പരാതിയെ തുടർന്ന് ഡിവൈ.എസ്.പി സി.ജി. വേണുവിന്റെ നേതൃത്വത്തിൽ പൊലീസ് ഗുജറാത്തിലെത്തിയാണ് മൊഴിയെടുത്തത്.

വിവാഹം രജിസ്റ്റർ ചെയ്തത് വ്യാജ രേഖകൾ ഹാജരാക്കി

മതം മാറ്റിയ പെൺകുട്ടിയെ സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് മുഖ്യപ്രതി ഹാജരാക്കിയത് വ്യാജ രേഖകളാണെന്ന് പൊലീസ്. പെൺകുട്ടിയുടെ പേരും മാറ്റിയിരുന്നു. എന്നാൽ നിയമപരമായി പേര് മാറ്റാതെ വ്യാജ ആധാറും തിരിച്ചറിയൽ കാർഡും തയ്യാറാക്കിയാണ് രജിസ്റ്റർ ചെയ്തത്. അതിനാൽ വിവാഹത്തിന് നിയമസാധുതയില്ല.

യു.എ.പി.എയ്ക്കുമനുഷ്യക്കടത്തിനും പുറമേ മുഖ്യപ്രതിക്കെതിരെ വ്യാജ രേഖകൾ ചമച്ചതിനും കേസുണ്ടാകും.

ജെ.ഡി.യു യു.ഡി.എഫ് വിട്ടു

ജെ.ഡി.എസുമായി ലയനം അജൻഡയിലില്ലെന്ന് വീരേന്ദ്രകുമാർ

തിരുവനന്തപുരം: യു.ഡി.എഫ് വിട്ടതായി ജനതാദൾ- യു സംസ്ഥാന പ്രസിഡന്റ് എം. പി. വീരേന്ദ്രകുമാറിന്റെ ഔദ്യോഗിക പ്രഖ്യാപനം. ദേശീയതലത്തിൽ ശരദ് യാദവിനൊപ്പം നിൽക്കുമെന്ന് പറഞ്ഞ വീരേന്ദ്രകുമാർ, കേരളത്തിൽ ഇടതുമുന്നണിയുടെ ഭാഗമാകുന്നതിനെ ശരദ് യാദവ് അനുകൂലിച്ചതായും വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.

സി. പി. എം, സി. പി. ഐ നേതാക്കളുമായി വരും ദിവസങ്ങളിൽ ജെ.ഡി.യു നേതാക്കൾ സംസാരിക്കും. അതേസമയം, ഇപ്പോൾ ഇടതുമുന്നണിയിലുള്ള ജനതാദൾ-എസുമായുള്ള ലയനം അജൻഡയിലില്ലെന്നും പറഞ്ഞു. എന്നാൽ ഇടതുമുന്നണിയെ കൂടുതൽ ശക്തിപെടുത്താനുതകുന്ന ഏത് നീക്കത്തിനും ഒപ്പമുണ്ടാകും. ഞങ്ങളുടെ പാർട്ടിയെക്കുറിച്ചാണ്ഇപ്പോൾആലോചിക്കുന്നത്. ദേശീയതലത്തിൽ ജെ. ഡി. യുവിന്റെ അവകാശത്തെ ചൊല്ലിയുള്ള തർക്കം കോടതിയിലാണ്. അതിലെ തീർപ്പിന് കാത്തിരിക്കുന്നു. ശരദ് യാദവ് പുതിയ പാർട്ടിയുണ്ടാക്കുന്നതും ഗുജറാത്തിലെ ഘടകകക്ഷിയുമായുള്ള ലയനവുമെല്ലാം ചർച്ചാവിഷയമാണ്.

ഇടതുമുന്നണി പ്രവേശനവുമായിബന്ധപെട്ട്ഇതുവരെമുന്നണിനേതാക്കളുമായിഔദ്യോഗികചർച്ചനടത്തിയിട്ടില്ല. മുന്നണി മാറ്റം നിരപാധികമാണ്. എൽ.ഡി.എഫ് വിട്ട് യു.ഡി.എഫിലേക്ക് പോയപ്പോഴും ഞങ്ങൾ വിലപേശിയിട്ടില്ല. രാജ്യസഭാ സീറ്റ് വാഗ്ദാനം ചെയ്താൽ സ്വീകരിക്കുമോയെന്ന ചോദ്യത്തിന്, അങ്ങനെ സാഹചര്യമുണ്ടാകുമ്പോൾ അറിയിക്കാമെന്നായിരുന്നു മറുപടി.

പാർട്ടിയുടെ രാഷ്ട്രീയ നിലപാട് ചർച്ചചെയ്യാൻ ഇന്ന് മുതൽ ജില്ലാ കമ്മിറ്റി, കൗൺസിൽ യോഗങ്ങൾ ചേരും. ഏപ്രിൽ, മേയ്മാസങ്ങളിലായി വടക്കൻ, തെക്കൻ മേഖലാ സമ്മേളനങ്ങൾ കോഴിക്കോട്ടും തിരുവനന്തപുരത്തുമായി നടക്കും. തദ്ദേശഭരണ സ്ഥാപനങ്ങളിലെയും വിവിധ സഹകരണബാങ്കുകളിലെയും മറ്റുള്ള രാഷ്ട്രീയാവസ്ഥ വിലയിരുത്തി ഉചിതമായ തീരുമാനമെടുക്കാനാണ് യോഗങ്ങൾ. തദ്ദേശസ്ഥാപനങ്ങളിൽ മുന്നണി മാറ്റം കൂറുമാറ്റപ്രശ്നം സൃഷ്ടിക്കില്ലേയെന്ന ചോദ്യത്തിന്, ശരദ് യാദവ് അഖിലേന്ത്യാ പ്രസിഡന്റായ പാർട്ടിക്ക് വേണ്ടി താനാണ് അംഗങ്ങൾക്ക് സീറ്റുകൾ അനുവദിച്ചതെന്നും അതിനാൽ യു.ഡി.എഫിന്റേതല്ല, പാർട്ടി സംസ്ഥാന പ്രസിഡന്റെന്ന നിലയിൽ തന്റെ വിഷാണ് നിലനിൽക്കുകയെന്നും വീരേന്ദ്രകുമാർ പറഞ്ഞു. നേതാക്കളായ വർഗീസ് ജോർജ്, ഷേക്ക് പി. ഹാരിസ്, വി. സുരേന്ദ്രൻപിള്ള തുടങ്ങിയവരും ജില്ലാ പ്രസിഡന്റുമാരും വാർത്താസമ്മേളനത്തിൽസന്നിഹിതരായി.

ജെ.ഡി.യുവിനെ എൽ.ഡി.എഫ് ഘടകകക്ഷിയാക്കും

▸ സി.പി. ശ്രീഹർഷൻ

തിരുവനന്തപുരം: എം.പി. വീരേന്ദ്രകുമാറിന്റെ നേതൃത്വത്തിലുള്ള ജനതാദൾ ഗ്രൂപ്പിനെ ഇടതുമുന്നണിയിൽ ഘടകകക്ഷിയായി തന്നെ ഉൾപെടുത്തിയേക്കും. പുതുതായി വരുന്ന കക്ഷികളെ മുന്നണിക്ക് പുറത്ത് നിറുത്തി സഹകരിപ്പിക്കുന്നതാണ് എൽ.ഡി.എഫ് രീതിയെങ്കിലും മുന്നണിയുടെ തുടക്കകാലം തൊട്ടുണ്ടായിരുന്ന കക്ഷിയെന്ന പരിഗണനയാകും വീരേന്ദ്രകുമാറിന് തുണയാവുക.

കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ പഴയ സോഷ്യലിസ്റ്റുകൾക്കുള്ള സ്വാധീനം മുന്നണിക്ക് ഗുണകരമാകുമെന്ന ചിന്തയും സി.പി.എം നേതൃത്വത്തിനുണ്ട്. 2019ലെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ കോഴിക്കോടോ വടകരയോ നൽകാമെന്ന വാക്കാലുള്ള ഉറപ്പ് ജെ.ഡി.യു നേതൃത്വത്തിന് സി.പി.എമ്മിൽ നിന്ന് കിട്ടിയതായി സൂചനയുണ്ട്.

2009ൽ ഇടത് മുന്നണി വിടാൻ വീരേന്ദ്രകുമാറിനെ പ്രേരിപ്പിച്ചത് കോഴിക്കോട് സീറ്റ് നിരസിച്ചതായിരുന്നു. കോഴിക്കോട് ആ സമയം വീരേന്ദ്രകുമാറിന്റെ സിറ്റിംഗ് സീറ്റായിരുന്നു. പകരം വയനാട് നൽകാമെന്ന വാഗ്ദാനം അവർക്ക് സ്വീകാര്യമായില്ല.

2006ലെ ഇടത് ഭരണകാലത്ത് ഡി.ഐ.സിയുമായി ലയിച്ച്വന്ന എൻ.സി.പിക്ക് മുന്നണിക്ക് പുറത്ത് നിൽക്കേണ്ടി വന്നു. 2011ലെതിരഞ്ഞെടുപ്പായപ്പോഴാണ് അകത്തേക്ക് പ്രവേശനമുണ്ടായത്. ഇപ്പോൾ ബാലകൃഷ്ണപിള്ളയുടെ കേരള കോൺഗ്രസ്-ബിയുമായുള്ള ലയനത്തിന് എൻ.സി.പിയിലെ ഒരുവിഭാഗം തയ്യാറെടുക്കുമ്പോൾ ഡി.ഐ.സിബന്ധംസ്വഷ്ടിച്ചുള്ള അവസ്ഥയുണ്ടാകുമെന്ന വാദംപാർട്ടിയിലെ ഒരു വിഭാഗം ഉയർത്തുന്നുമുണ്ട്.

ഇടതുമുന്നണിയുമായി സഹകരിച്ച്ഇപ്പോൾപുറത്ത്നിൽക്കുന്നത്ഐ.എൻ.എൽ, പി.ടി.എ. റഹിം എം.എൽ.എയുടെ നാഷണൽ സെക്യുലർ കോൺഫറൻസ്, കേരള കോൺഗ്രസ്-ബി, കോവൂർ കുഞ്ഞുമോന്റെ ആർ.എസ്.പി ലെനിനിസ്റ്റ്, സി.എം.പിയിലെ ഒരു വിഭാഗം എന്നിവയാണ്.

ദീർഘകാലമായി പുറത്ത് നിൽക്കുന്നതിൽ ഐ. എൻ. എൽ നേതൃത്വം അസ്വസ്ഥരുമാണ്. ഇവരെ തഴഞ്ഞ് വീരേന്ദ്രകുമാറിന്റെ പാർട്ടിയെ ഉൾപെടുത്തുന്നതിന് ഇടത് നേതൃത്വം നൽകുന്ന ന്യായീകരണം അവർ മുന്നണിയുടെ ഘടകകക്ഷിയായി നേരത്തേ ഉണ്ടായിരുന്ന പാർട്ടി എന്നതാണ്. സി.പി.ഐ നേതൃത്വത്തിനും ഇതിൽ എതിർപ്പില്ല എന്നതും നേതൃത്വത്തിന് ആശ്വാസമാണ്. മുഖ്യമന്ത്രി പിണറായി വിജയൻ, കോടിയേരി ബാലകൃഷ്ണൻ, കാനം രാജേന്ദ്രൻ എന്നിവർ കഴിഞ്ഞ ദിവസങ്ങളിൽ വീരേന്ദ്രകുമാറുമായിടെലിഫോണിലും മറ്റും ആശയവിനിമയം നടത്തിയതായാണ് വിവരം.

ഇന്ന് സി.പി.എം വേദിയിൽ

വീരേന്ദ്രകുമാർസി.പി.എം ആലപ്പുഴ ജില്ലാസമ്മേളനത്തോടനുബന്ധിച്ച സെമിനാറിൽ ഇന്ന് എം.പി. വീരേന്ദ്രകുമാർ സി.പി.എം നേതാക്കളുമായി വേദി പങ്കിടും. മുന്നണിമാറ്റ തീരുമാനത്തിന് ശേഷമുള്ള ആദ്യ ചടങ്ങാകും ഇത്.

യു.ഡി.എഫിൽ പോയത് വൻ നഷ്ടമായി: വീരേന്ദ്രകുമാർ

തിരുവനന്തപുരം: യു.ഡി.എഫിൽ ചേർന്ന ശേഷം വൻ നഷ്ടമാണ് പാർട്ടിക്കുണ്ടായതെന്ന് ജെ.ഡി.യുസംസ്ഥാനപ്രസിഡന്റ്എം.പി. വീരേന്ദ്രകുമാർ പറഞ്ഞു. ഏഴ് വർഷം യു.ഡി.എഫിലെയും കോൺഗ്രസിലെയും നേതാക്കളുടെ സ്നേഹവും സൗഹാർദ്ദവും വേണ്ടുവോളം കിട്ടിയെങ്കിലും രാഷ്ട്രീയമായി വമ്പിച്ച നഷ്ടമാണുണ്ടായത്.

നാല്പത് വർഷം ഞങ്ങൾ ഇടതുമുന്നണിയിലായിരുന്നു. ഏഴ്വർഷംവിട്ടുനിൽക്കേണ്ടിവന്നു. സോഷ്യലിസ്റ്റുകളായ ഞങ്ങൾ ഇടത് ചിന്താഗതിക്കാരുമായി വൈകാരികമായും വൈചാരികമായും ബന്ധപ്പെട്ട് നിൽക്കുന്നു. മുഖ്യമന്ത്രി പിണറായിവിജയനും ഞാനും അടിയന്തരാവസ്ഥക്കാലത്ത് ഒരേ സെല്ലിൽ തടവിൽ കിടന്നവരാണ്. അദ്ദേഹവുമായി ബന്ധപ്പെടുമ്പോൾ ആ ഓർമ്മ വരും. കേരളത്തിൽ പൊലീസ് വകുപ്പ് ഏറ്റെടുത്ത എത്ര മന്ത്രിമാർ ജയിലിൽ കിടന്നിട്ടുണ്ടെന്നോർക്കണം. ആ അനുഭവം എൽ.ഡി.എഫിലേ ഉണ്ടാവൂ.

യു.ഡി.എഫിനോട് നന്ദികേട് കാണിച്ചിട്ടില്ല. കോഴിക്കോട്നേരത്തേ 9 പഞ്ചായത്തുകളിൽമാത്രം അധികാരത്തിലിരുന്ന യു.ഡി.എഫിന് ഞങ്ങളെത്തിയപ്പോൾ 36 ആയി. ഞങ്ങൾ പക്ഷേ ഒന്നിലെത്തി. കോൺഗ്രസ് 2000 വോട്ടിന് തോറ്റ പാലക്കാട് കഴിഞ്ഞതവണ ഞങ്ങൾ ഒരു ലക്ഷം വോട്ടിന് തോറ്റു. രാജ്യസഭാ സീറ്റ് യു.ഡി.എഫ് തന്നത് തിരിച്ചേല്പിച്ചു. ബി.ജെ.പി ഭരണത്തിൽ ഇന്ത്യ എവിടെയെത്തി നിൽക്കുന്നുവെന്ന് നോക്കണം. നമ്മുടെ സ്വകാര്യജീവിതമെന്താകണമെന്ന് തീരുമാനിക്കുന്നത് പോലും അദാനി-അംബാനിമാരാണ്. ഇതിനെതിരെ ഇടതുപക്ഷ, ജനാധിപത്യ, മതേതരകക്ഷികൾ ഒന്നിച്ച് പൊരുതണമെന്നും വീരേന്ദ്രകുമാർ പറഞ്ഞു.

കാട്ടിയത് വഞ്চന: ചെന്നിത്തല

തിരുവനന്തപുരം: എം.പി വീരേന്ദ്രകുമാർ കാട്ടിയത് തീർത്തും രാഷ്ട്രീയ വഞ്চനയാണെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല വാർത്താസമ്മേളനത്തിൽ പറഞ്ഞു. ജെ.ഡി.യു മുന്നണി വിട്ടന്നകാര്യം ഫോൺ ചെയ്തു പറയാനുള്ള മര്യാദപോലും അദ്ദേഹം കാട്ടിയില്ലെന്നും ചെന്നിത്തല ആരോപിച്ചു. ചാനൽവാർത്തകളിലൂടെയാണ്മുന്നണിമാറ്റം അറിഞ്ഞത്. എന്തിനാണ് യു.ഡി.എഫ് വിട്ടന്നതെന്നു പറയുന്നുമില്ല.

2009-ൽ ലോക്സഭാ സീറ്റ് കിട്ടാതെ എ.കെ. ജി സെന്റർ വിട്ടപോൾ രാഷ്ട്രീയ അഭയം നൽകിയത് യു.ഡി.എഫാണ്. നിയമസഭാതിരഞ്ഞെടുപ്പിൽസീറ്റ്നൽകുകയും ഭരണം കിട്ടിയപ്പോൾ പ്രധാന വകുപ്പുകളായ കൃഷിയും പ്രിന്റിംഗ് ആൻഡ് സ്റ്റേഷനറിയും നൽകുകയും ചെയ്തു. രണ്ട് എം. എൽ.എമാരുള്ള പാർട്ടിയായിട്ടും രാജ്യസഭാ സീറ്റ് നൽകി.

അഭയം നൽകിയ മുന്നണിയെ ചതിച്ചതോടെ യു.ഡി.എഫിന്റെ രാജ്യസഭാ സീറ്റ് എൽ.ഡി.എഫിന് നൽകുന്ന സ്ഥിതിയിലെത്തിക്കുന്നു. ജെ.ഡി.യു പോയതുകൊണ്ട് യു.ഡി.എഫിന് ഒരു ചുക്കും സംഭവിക്കില്ല. എല്ലാവെല്ലുവിളികളെയും നേരിടാനുള്ള കരുത്ത് യു.ഡി.എഫിനുണ്ട്. കേരള കോൺഗ്രസിനെ മുന്നണിയിലേക്കുകൊണ്ടുവരുന്നകാര്യം ആലോചിച്ചിട്ടില്ലെന്നും തീരുമാനിക്കേണ്ടത് അവരാണെന്നും ചെന്നിത്തല പറഞ്ഞു.

ക്ഷീണമാകില്ല: കുഞ്ഞാലിക്കുട്ടി

തിരുവനന്തപുരം: ജെ.ഡി.യു പോയതുകൊണ്ട് യു.ഡി.എഫിന് ഒരു ക്ഷീണവുമുണ്ടാകില്ലെന്ന് മുസ്ലിം ലീഗ് ദേശീയ സെക്രട്ടറി പി.കെ. കുഞ്ഞാലിക്കുട്ടി വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ജെ.ഡി.യു വന്നതുകൊണ്ട് യു.ഡി.എഫിന് ഒരു സീറ്റും കൂടുകയില്ല, പോയതുകൊണ്ട് ഒരു സീറ്റും കുറയുകയുമില്ല. യു.ഡി.എഫിന് അനുകൂലമായ രാഷ്ട്രീയ അവസ്ഥ സംജാതമാകും. ജനങ്ങൾ വോട്ട് ചെയ്യുന്നത് രാഷ്ട്രീയ വീക്ഷണങ്ങളുടെ അടിസ്ഥാനത്തിലാണ്. ഏതെങ്കിലും കക്ഷി പോവുകയും വരികയും ചെയ്യുന്നതിന് കേരള രാഷ്ട്രീയത്തിൽ വലിയ സ്ഥാനമില്ല. യു.ഡി.എഫ് വളരെ ശക്തമായി തന്നെ മുന്നോട്ടു പോകും. വീരേന്ദ്രകുമാറിനെ പോലുള്ളഒരാളിൽനിന്ന് ഇത്തരമൊരു നീക്കം പ്രതീക്ഷിച്ചില്ല.

ജെ.ഡി.യുവിന്റെ മുന്നണി മാറ്റം: കോൺഗ്രസിനെ ഞെട്ടിച്ചത് മോഹനൻ

▸ ശ്രീകുമാർ പള്ളീലേത്ത്

തിരുവനന്തപുരം: തന്ത്രശാലിയായ വീരേന്ദ്രകുമാറിന്റെ സമീപകാല രാഷ്ട്രീയ നീക്കങ്ങളെ ഒരു നുള്ളു സംശയത്തോടെ കണ്ടിരുന്ന കോൺഗ്രസ് നേതാക്കളെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചത് മുൻ മന്ത്രി കെ.പി. മോഹനനാണ്. ഒരുവേള വീരനും അനയായികളും യു. ഡി. എഫ് വിട്ടാലും കെ. പി. മോഹനൻ യു. ഡി. എഫ് പാളയത്തിൽ പാറപോലെ ഉറച്ചുനിൽക്കുമെന്ന് അവർ വിശ്വസിച്ചു. പക്ഷേ ജെ. ഡി. യുവിന്റെ മുന്നണിമാറ്റം സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊള്ളാൻ ചേർന്ന യോഗത്തിൽ മോഹനൻ എല്ലാ പിന്തുണയും വീരേന്ദ്രകുമാറിന് നൽകി. ചർച്ചകൾതുടങ്ങിയപ്പോൾ ശക്തമായ വിയോജിപ്പ് പ്രകടിപ്പിച്ച രണ്ട് നേതാക്കൾ കെ.പി. മോഹനനും കോഴിക്കോട് ജില്ലാ പ്രസിഡന്റ് മനയത്ത് ചന്ദ്രനുമായിരുന്നു.

പടയൊരുക്കത്തിൽ സ്ഥിരമായി പങ്കെടുത്ത ഘടകകക്ഷി അംഗങ്ങളിൽ ജെ. ഡി. യു പ്രതിനിധികളും ഉണ്ടായിരുന്നു. യാത്രയുടെ ഭാഗമായി കോഴിക്കോട്ടെത്തുന്ന പ്രധാന റാലിയിൽ പങ്കെടുത്തു പ്രസംഗിച്ച എം. പി. വീരേന്ദ്രകുമാർ ഇടതു സർക്കാരിന് നേരെ കടുത്ത വിമർശനമാണ് തൊടുത്തത്. അന്ന് വീരേന്ദ്രകുമാർ മുന്നണി വിട്ടന്നതായി കേൾക്കുന്നുവെന്ന മാദ്ധ്യമപ്രവർത്തകരുടെ ചോദ്യത്തിന് അങ്ങനെ സംഭവിക്കില്ലെന്ന ഉറച്ചമറുപടിയാണ് യു.ഡി.എഫ് നൽകിയത്. പടയൊരുക്കത്തിന്റെസമാപനയോഗത്തിൽ ജെ. ഡി. യു വിട്ടനിൽക്കുമെന്ന പ്രചാരണമുണ്ടായെങ്കിലും കെ.പി. മോഹനന്റെയും ദേശീയ സെക്രട്ടറി ജനറൽ വർഗീസ് ജോർജിന്റെയും സാന്നിദ്ധ്യം കൊണ്ട് മറുപടി നൽകി. ചർച്ചകൾസംശയങ്ങളുയർത്തിയെങ്കിലും ദൾ മുന്നണി വിടുമെന്ന് യു. ഡി. എഫ് പ്രതീക്ഷിച്ചില്ല.

സുരക്ഷ വേണോ?

തെരുവിന്റെ പെൺമക്കൾ ആണായി ഒളിക്കണം

▸ ആർ.ഹരിപ്രസാദ്

കൊല്ലം: നീളൻ മുടി വെട്ടിയൊതുക്കും. കരണ്ണഴുതി പൊട്ടതൊടാതെ ആൺവേഷമണിയും. തെരുവി